**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **08-08-2023 - ൽ മറുപടിയ്ക്ക്**

**അപൂർവ്വ രോഗബാധിതർക്ക് സൗജന്യ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അപൂർവ്വ രോഗബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; രാജ്യത്ത് ആദ്യമായിട്ടാണോ ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ഉണ്ട്. സ്പൈനൽ മസ്കുലാർ അട്രോഫി (SMA) യുടെ ചികിത്സയ്ക്ക് വേണ്ടി രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി പ്രകാരം ഇതിനോടകം എത്ര പേർക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | ഈ പദ്ധതി പ്രകാരം 40 ൽ അധികം സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച 6 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികളുടെ വിവിധ തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സ്പൈനൽ മസ്കുലർ അട്രോഫി ക്ലിനിക് (Multi disciplinary) ശ്രീ അവിട്ടം തിരുനാൾ (SAT) ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു.<br><br>സ്പൈനൽ മസ്കുലർ അട്രോഫി ബാധിതർക്ക് നട്ടെല്ലിൽ ഉണ്ടാകുന്ന വളവിനുള്ള സ്പൈനൽ സർജറി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഓർത്തോ വിഭാഗത്തിൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം, ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് എന്നിവിടങ്ങളിലും ചികിത്സ ലഭ്യമാണ്. |
| (സി) | കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അപൂർവ്വ രോഗചികിത്സയ്ക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; സ്പൈനൽ മസ്കുലാർ അട്രോഫി പോലുള്ള അപൂർവ്വ രോഗങ്ങൾ കണ്ടു പിടിച്ചാൽ പ്രസ്തുത ആശുപത്രിയിൽ നിലവിൽ ചികിത്സ ലഭ്യമാണോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അപൂർവ്വ രോഗ ചികിത്സയ്ക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.റ്റി ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പൈനൽ മസ്കുലർ അട്രോഫി പോലുള്ള അപൂർവ്വ രോഗങ്ങൾക്ക് വിവിധ സ്പെഷ്യാലിറ്റികൾ ഏകോപിപ്പിച്ചുകൊണ്ട് ചികിത്സ ലഭ്യമാണ്. |
| (ഡി) | ജനിതക രോഗങ്ങളുടെ പരിശോധന, രോഗ | (ഡി) | ജനിതക രോഗങ്ങളുടെ പരിശോധന, രോഗ |

| | | | |
|---|---|---|---|
| | നിർണ്ണയം, ചികിത്സ എന്നിവ പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ സാധ്യമാണോ; അപൂർവ്വ രോഗം കണ്ടെത്തിയാൽ ചെലവേറിയ ചികിത്സ നൽകാൻ സാധിക്കാത്തവർക്ക് ഈ പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകാമോ? | | നിർണ്ണയം, ചികിത്സ എന്നിവ എസ്.എ.ടി ആശുപത്രിയിലെ ജനിതക ക്ലിനിക്കിലൂടെ എല്ലാ ചൊവ്വാഴ്ചകളിലും സാധ്യമാണ്. കൂടാതെ ജനിതക അനുബന്ധ ചികിത്സയും, ജനിതക കൗൺസിലിംഗും, ലാബ് സൗകര്യവും പൂർണ്ണമായും സൗജന്യമാണ്. ചെലവേറിയ ചില ചികിത്സകൾ കേന്ദ്രഗവൺമെന്റിന്റെ Rare disease policy 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപവരെയുള്ള ചികിത്സാ സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ